(ഡി) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

(സി) വിജിലൻസ് അന്വേഷണം നടത്തി വരികയാണ്.

(ഡി) അന്വേഷണ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടില്ല.

144 (1876) പ്ളാന്റേഷൻ കോർപ്പറേഷന്റെ ലീഗൽ എക്സ്പെൻസ്

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

1.4.1996 മുതൽ 31.12.1998 വരെ പ്ളാന്റേഷൻ കോർപ്പറേഷനിൽ ഓരോ വർഷവും ചെലവായ ലീഗൽ എക്സ്പെൻസ് എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1.4.96 മുതൽ 31.3.97 വരെ ചെലവായ തുക	1,20,652.25 രൂപ.
1.4.97 മുതൽ 31.3.98 വരെ ചെലവായ തുക	4,34,094.55 രൂപ.
1.4.98 മുതൽ 31.3.99 വരെ ചെലവായ തുക	6,25,108.25 രൂപ.

145 (1877) പ്ളാന്റേഷൻ കോർപ്പറേഷനിലെ പ്രൊമോഷൻ ചട്ടങ്ങൾ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളേന്റേഷൻ കോർപ്പറേഷനിൽ സ്റ്റാഫ്, ഓഫീസർ വിഭാഗങ്ങളുടെ പ്രൊമോഷൻചട്ടങ്ങൾ എന്തെക്കെയാണ്;

(ബി) പ്രൊമോഷൻ എഴുത്തുപരീക്ഷയുണ്ടോ; എങ്കിൽ ആരാണ് നടത്തുന്നത്; സ്റ്റാഫ് വിഭാഗത്തിൽ നിന്നും ഓഫീസർ വിഭാഗത്തിലേക്ക് കയറ്റം കിട്ടാൻ എന്തൊക്കെ ഡിപ്പാർട്ടുമെന്റ് ടെസ്റ്റുകൾ വിജയിക്കണം; മിനിമം വിദ്യാഭ്യാസയോഗ്യത ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിരിക്കുന്നത് എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly